(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലാ പഞ്ചായത്തുകളിലെന്നും വാക്കൗട്ട് നടത്തിയ ജില്ലാ പഞ്ചായത്തു പ്രസിഡന്റുമാർ ആരായിരുന്നു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ, മുതുതല ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം**

102 (1571) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിലെ വിളയൂർ, മുതുതല ഗ്രാമപഞ്ചായത്തുകളിൽ 2002-03 സാമ്പത്തിക വർഷത്തിൽ, പദ്ധതി വിഹിതമായി ലഭിച്ച തുകയുടെ ഗണ്യമായ ഭാഗം ചെലവഴിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനത്തെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള വ്യാപകമായ പരാതി കണക്കിലെടുത്ത് ആവശ്യമായ പരിശോധന നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ മാറ്റം**

103 (1572) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവു വരുത്തിക്കൊണ്ട് എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ)&(ബി) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്ന് ഇളവ് അനുവദിക്കാൻ ഇപ്പോൾ സർക്കാരിന് അധികാരമില്ല. 24-3-1999-ന് മുമ്പ് സമർപ്പിച്ച അപേക്ഷകളും റിവ്യൂ ഹർജികളും തീർപ്പാക്കാതെയുണ്ടെങ്കിൽ അവ തീർപ്പാക്കാൻ മാത്രമാണ് ഇപ്പോൾ സർക്കാരിനുള്ള അധികാരം.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർമ്മിച്ച് നൽകിയിട്ടുള്ള വീടുകളുടെ എണ്ണം**

104 (1573) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ സ്കീമുകളിലൂടെ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകിയെന്ന് വെളിപ്പെടുത്താമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനറൽ/എസ്.സി.പി. തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയിട്ടുള്ളത് ;

(ഡി) ജനറൽ/എസ്.സി.പി. തരംതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**തൃശൂർ ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതികൾ**

105 (1574) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചതും പൂർത്തീകരിക്കാൻ കഴിയാതെ പോയതുമായ ഭവന നിർമ്മാണ പദ്ധതികൾ പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടികൾ സ്വീകരിക്കാത്തത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ജില്ലാ പഞ്ചായത്ത് നോഡൽ ഏജൻസിയായി ഉണ്ടാക്കിയ ഒരു പദ്ധതിയാണ്, സർക്കാർ പദ്ധതിയല്ല. വിശദവിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ചേർപ്പ് നിയോജകമണ്ഡലത്തിലെ വിവിധ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതിവിഹിതം**

106 (1575) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 വർഷങ്ങളിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം എത്ര ;

(ബി) 2003-04 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിവിഹിതമായി എത്ര സംഖ്യയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിലെ വിവിധ ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്ക് 2001-02, 2002-03 വർഷങ്ങളിൽ പദ്ധതിവിഹിതമായി അനുവദിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2003-04 വർഷത്തെ ബഡ്ജറ്റിൽ ചേർപ്പ് മണ്ഡലത്തിലെ വിവിധ ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾക്ക് നീക്കിവച്ചിട്ടുള്ള സംഖ്യ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly